ഉത്തരം

(എ) കോളേജുകളിൽ ഹരിജൻ വിദ്യാർത്ഥികൾക്കായി പ്രത്യേകം ഹോസ്റ്റൽ നടത്താറില്ല. കോളേജിൽ പഠിക്കുന്ന ഹരിജൻ വിദ്യാർത്ഥികൾക്കുവേണ്ടി പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ കോസ്മോ പൊളിറ്റൻ ഹോസ്റ്റലുകൾ നടത്തുന്നുണ്ട്. കോട്ടയത്ത് നാട്ടകത്ത് കോളേജ് വിദ്യാർത്ഥിനികൾക്കായി 1-6-1985-ൽ ഒരു ഹോസ്റ്റൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. മൂന്നാർ, കുറിച്ചി, ബഡിയടുക്ക, മാവൂർ, കുമാരനല്ലൂർ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാർത്ഥികൾക്കുള്ള വെൽഫെയർ ഹോസ്റ്റലുകൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്.

ഏലത്തൂർ ഹരിജൻ ഹോസ്റ്റലിന്റെ കിഴക്കേ ഇടവഴി

50 [57] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിൽപ്പെട്ട ഏലത്തൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഹരിജൻ ഹോസ്റ്റലിന്റെ കിഴക്കേ അതിർത്തിയിൽ ഇന്ന് നിലവിലുള്ള ഇടവഴി വീതികൂട്ടി റോഡ് പണിയുന്നതിന് ഹരിജൻ ഹോസ്റ്റലിന്റെ കുറച്ചുസ്ഥലം വിട്ടുകൊടുക്കണമെന്ന നാട്ടുകാരുടെ ആവശ്യത്തിൻമേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

റോഡ് പണിയുന്നതിനുവേണ്ടി രണ്ടുമീറ്റർ വീതിയിൽ സ്ഥലം പഞ്ചായത്തിനു വിട്ടുകൊടുക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ശുപാർശിത സമുദായങ്ങൾക്കായി വികസന കോർപ്പറേഷൻ

51 [58] ശ്രീ. ഉമ്മൻ ചാണ്ടി :
,, ബന്നിബഹനാൻ :
,, കെ. സി. ജോസഫ് :
,, രമേശ് ചെന്നിത്തല :
,, മണിമംഗലത്തു കുട്ട്യാലി :
,, എം. എം. ഹസ്സൻ :
,, എ. സി. ജോസ് :
,, കെ. കെ. തോമസ് :
,, തോപ്പിൽ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിയിൽനിന്നും മതപരിവർത്തനം ചെയ്ത ക്രിസ്ത്യാനികൾക്കും ശുപാർശിത സമുദായങ്ങൾക്കുമായി കോട്ടയത്തു സ്ഥാപിച്ചിരുന്ന

LIBRARY ARCHIVES Kerala Legislative Assembly